# ടെക്നോപാർക്കിൽ KITA വർക്ക്ഷോപ്പ്

ജോർജ് ഏബ്രഹാം

തിരുവനന്തപുരം: ഐ.ബി.എം സ്പോൺസർ ചെയ്ത കേരളാ ഐ.ടി അലയൻസിന്റെയും (KITA), ദ ഇൻഡസ് ഇന്റർപ്രേണേഴ്സ് കേരള സോഫ്റ്റ് വെയർ ഇൻക്യുബേറ്റർ, സ്വാമി സൈബർ സൊല്യൂഷൻസ് എന്നിവയുടെയും സഹകരണത്തോടെ IT2012 സമ്മേളനം ജൂലൈ 4ന് തിരുവനന്തപുരം ടെക്നോപാർക്കിൽ നടന്നു.

പ്രമുഖ പ്രഭാഷകരായ ആന്റണി സത്യദാസ് (ഐ.ബി.എം കോർപറേഷൻ, യു.എസ്.എ) ഡോ. ജെസി ഡിഷാൻ (യൂണിവേഴ്സിറ്റി ഒഫ് അൽബാമ, ബർമിംഗ്ഹാം) മനീഷ് ലസ്ഥാ ഐ.ബി.എം ഇന്ത്യാ സോഫ്റ്റ്‌വെയർ ലാബ്), പദ്മകുമാർ (പ്രസിഡന്റ് സോഫ്റ്റ്‌വെയർ ഇൻക്യൂബേറ്റർ) സ്വാമി സൈബർ സൊല്യൂഷൻസ്, റിയാലിറ്റി ബാർഗൈൻസ് Inc., മനീഷ് നായർ, പ്രശസ്ത കവി കൈതപ്രം ദാമോദരൻ നമ്പൂതിരി തുടങ്ങിയവർ പ്രസംഗിച്ചു.

ദീപാ ജോൺസൺ (സോഫ്റ്റ്‌വെയർ എൻജിനീയർ) നടത്തിയ സ്വാഗതപ്രസംഗത്തിനുശേഷം മുഖ്യമന്ത്രിയുടെ ഐ.ടി ഉപദേശകൻ ജോസഫ് സി. മാത്യു ദീപം കൊളുത്തി. ഐ.ടി സാധാരണക്കാരന്റെ പോലും ജീവിതത്തിന്റെ ഭാഗമാകുന്നതെങ്ങനെ എന്ന് അദ്ദേഹം ആമുഖ പ്രസംഗത്തിൽ വിശദീകരിച്ചു. ഐ.ടി മേഖലയിൽ വർധിച്ച പിരിമുറുക്കം നിമിത്തം മരണമടയുന്നവരെക്കുറിച്ച് അദ്ദേഹത്തിനുള്ള പരിഗണന വെളിപ്പെടുത്തുകയും യോഗ്യരായവർക്ക് ജോലിസാധ്യത ഉറപ്പാക്കുന്നതിനുള്ള തീരുമാനംഅറിയിക്കുകയും ചെയ്തു. ഐ.ടി മേഖലയിലെ ബിസിനസ് സാധ്യതകളും, ഭാവിയിൽ ഈ മേഖലയിലെ സേവനങ്ങൾക്കുള്ള നിർദേശങ്ങളും ആന്റണി വിശദമാക്കി. ഇപ്പോൾ വളർന്നുവരുന്ന സാങ്കേതിക സംരംഭങ്ങളായ വെബ് 2.0++, ബിസിനസ് ഇന്റലിജൻസ്, എസ്.ഒ.എ. ടെസ്റ്റിംഗ് തുടങ്ങിയവയെ അദ്ദേഹം പരിചയപ്പെടുത്തി. ഐ.ടി വ്യവസായത്തിൽ ബയോ ടെക്നോളജിക്കുള്ള പങ്കിനെപ്പറ്റിയാണ് ഡോ. ജെസ്സി പ്രസംഗിച്ചത്. ലൈഫ് സയൻസ് മേഖലയുടെ വളർച്ചയ്ക്കും വികസനത്തിനുമായി ഈ രണ്ടു വ്യവസായസംരംഭങ്ങളും ചേർന്നു പ്രവർത്തിക്കേണ്ടതിന്റെ അനിവാര്യത അവർ ഊന്നി പറഞ്ഞു. ഐ.ടി ബിസിനസിൽ ഉണ്ടാകുന്ന ഉയർച്ചതാഴ്ചകളെപ്പറ്റി ബോധവത്കരിക്കുന്നതിന്, ഈ മേഖലയിൽ വർധിത വിജയം കൈവരിച്ച വ്യവസായസംരംഭകൻ പദ്മകുമാർ സ്വാനുഭവങ്ങൾ വിശദീകരിച്ചു. തന്റെ വിജയ രഹസ്യം ശുഭാപ്തി വിശ്വാസവും, താഴ്മയും, ആത്മസംയമനവും, സാഹസത്തിനു മുതിരുവാൻ ഭയമില്ലാത്ത സ്വഭാവവുമാണെന്ന് അദ്ദേഹം പറഞ്ഞു. ഐ.ബി.എം വാഗ്ദാനം ചെയ്യുന്ന ആധുനിക സോഫ്റ്റ്‌വെയറുകളെപ്പറ്റിയും ഐ.ടി മേഖലയിലെ പുതിയ പ്രവണതകളെക്കുറിച്ചും മനീഷ് ലസ്ഥാ വിവരിച്ചു. ഐ.ടിയുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും എന്ന വിഷയത്തെക്കുറിച്ച് മഹേഷ്നായർ പ്രസംഗിച്ചു. കൈതപ്രത്തിന്റെ സംഗീതവിരുന്ന് സദസിന് ഹരം പകർന്നു. സംഗീതത്തിലൂടെ പിരിമുറുക്കങ്ങൾ മാറ്റിയെടുക്കുന്നതിനുള്ള തന്റെ ശ്രമത്തെക്കുറിച്ച് അദ്ദേഹം വിശദീകരിച്ചു. രാജേഷ് വർഗീസ് (പ്രോജക്ട് മാനേജർ സോഫ്റ്റ്‌വെയർ ഇൻക്യുബേറ്റർ) നന്ദി പറഞ്ഞു.

## പ്രവാസി താളുകൾ

# 'കിറ്റ'യുടെ സഹകരണത്തോടെ കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ വർക്ക്ഷോപ്പ്



കുസാറ്റ് വൈസ് ചാൻസലർ ഡോ. ഗംഗൻ പ്രതാപ് ചടങ്ങ് ഉദ്ഘാടനം ചെയ്യുന്നു.



മുഖ്യമന്ത്രിയുടെ ഇൻഫർമേഷൻ ടെക്നോളജി ഉപദേഷ്ടാവ് മാത്യു ജോസഫ് സെമിനാറിൽ സംസാരിക്കുന്നു. കിറ്റ ഡയറക്ടർ ആന്റണി സത്യദാസ്, സോഫ്റ്റ്‌വെയർ ഇങ്കുബേറ്റർ പത്മകുമാർ, പ്രശസ്ത ഗാനരചയിതാവും ഗായകനുമായ കൈതപ്രം ദാമോദരൻ നമ്പൂതിരി എന്നിവർ സമീപം.

കൊച്ചി: കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജി (കുസാറ്റ്) രജതജൂബിലി ആഘോഷങ്ങളുടെ ഭാഗമായി കംപ്യൂട്ടർ സയൻസ് ഡിപ്പാർട്ടുമെന്റ് കേരളാ ഐ.ടി. അലയൻസിന്റെ (കിറ്റ) സഹകരണത്തോടെ ജൂലൈ 2-ന് ഏകദിന വർക്ക്ഷോപ്പ് നടത്തി. ഐ.ടി 20:12: വിജയത്തിന്റെ രൂപരേഖ എന്നതായിരുന്നു പ്രമേയം.

ഐ.ബി.എം കമ്പനി സ്പോൺസർ ചെയ്ത കിറ്റയുടെ സഹകരണത്തോടെ നടന്ന ഈ പരിപാടി കേരളത്തെയും സോഫ്റ്റ്‌വെയർ ഇൻക്യുബേറ്ററിനെയും ബന്ധിപ്പിച്ച് ഐ.ടി. ഉദ്യോഗസ്ഥർക്കും അക്കാദമി അംഗങ്ങൾക്കും വിദ്യാർത്ഥികൾക്കും നെറ്റുവർക്കിലൂടെ ഐ.ടി. സംബന്ധമായ ആശയങ്ങളും പുതിയ സാധ്യതകളും വെല്ലുവിളികളും വിനിമയം ചെയ്യുന്നതിനുള്ള വേദി ഒരുക്കുകയായിരുന്നു.

കേരളത്തിലെ ഐ.ടി. പ്രൊഫഷണലുകൾക്ക് നെറ്റ്‌വർക്കിലൂടെ നവീന ആശയങ്ങളും വികസനസാധ്യതകളും കൈമാറുന്ന ഒരു പ്രമുഖ ആഗോള വിവര സാങ്കേതിക സംരംഭമാണ് കിറ്റ.

കുസാറ്റ് വൈസ് ചാൻസലർ ഡോ. ഗംഗൻ പ്രതാപ് ചടങ്ങ് ഉദ്ഘാടനം ചെയ്തു. ഇൻഫർമേഷൻ ടെക്നോളജി മേഖലയെ നവീകരിക്കുന്നതിന് ഗവേഷണങ്ങളുടെ ആവശ്യകത അദ്ദേഹം വിവരിക്കുകയും ഈ രംഗത്ത് കിറ്റയുമായി സഹകരിക്കുന്നതിന് കുസാറ്റ് ആഗ്രഹം പ്രകടിപ്പിക്കുകയും ചെയ്തു.

അമേരിക്കയിലുള്ള ഐ.ബി.എം സോഫ്റ്റ് വെയറിന്റെ ചീഫ് കോമ്പറ്റിറ്റീവ് മാർക്കറ്റിംഗ് ഓഫീസറായ ആന്റണി സത്യദാസ് ഐ.ബി.എം പഠനങ്ങളെ ആധാരമാക്കി ഐ.ടി രംഗത്തുള്ള വിപണന സാധ്യതകളും അനുബന്ധ വിഷയങ്ങളും അവതരിപ്പിച്ചു. കംപ്യൂട്ടർ രംഗത്ത് ആളുകൾ സ്വന്തമാക്കിയ ഡേറ്റയിലൂടെ പണം സമ്പാദിക്കുമ്പോൾ ഐ.ടി. സോഫ്റ്റ്‌വെയർ ഡവലപ്മെന്റ് ഒരു കുടിൽ വ്യവസായമായി മാറുന്നു എന്ന് അദ്ദേഹം പറഞ്ഞു. ഗ്രാമങ്ങളുടെയും ജില്ലകളുടെയും പട്ടണങ്ങളുടെയും ആന്തരഘടനയായി ഐ.ടി. അതിവേഗം വളർന്നുകൊണ്ടിരിക്കുകയാണ്. ആരോഗ്യം, ബാങ്കിംഗ്, വിദ്യാഭ്യാസം എന്നീ രംഗങ്ങളിലും ഗവൺമെന്റിന്റെ പ്രവർത്തനങ്ങളിലും ഐ.ടി. വരുത്തിയ മാറ്റങ്ങൾ അദ്ദേഹം വിശദീകരിച്ചു.

സോഫ്റ്റ്‌വെയർ ഇൻക്യുബേറ്ററിന്റെ പ്രസിഡണ്ടും കിറ്റയുടെ എക്സിക്യൂട്ടീവ് ലീഡറുമായ പദ്മകുമാർ ഒരു ഐ.ടി വ്യവസായി എന്ന നിലയിൽ തന്റെ അനുഭവങ്ങളും ലക്ഷ്യങ്ങളും പങ്കുവെച്ചു. പുതിയ കാൽവയ്പു നടത്തുന്ന വ്യവസായികൾ പ്രതിസന്ധികളിൽ നിരാശരാകാതെ ധൈര്യപൂർവം മുന്നേറണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു. ഐ.ടി. രംഗത്ത് ഐ.ബി.എം നടത്തുന്ന പഠനസാധ്യതകളും ജോലിസാധ്യതകളും വിശദീകരിച്ചുകൊണ്ട് ദക്ഷിണാമൂർത്തി സംസാരിച്ചു. അമേരിക്കയിലെ പെറോട്ട് സിസ്റ്റംസ് കോർപ്പറേഷന്റെ പ്രതിനിധിയും കിറ്റ എക്സിക്യൂട്ടീവ് ലീഡറുമായ ജോസ് സെബാസ്റ്റ്യൻ ഐ.ടി. രംഗത്ത് ബിസിനസ് അനലിസ്റ്റുകളുടെയും പ്രോജക്ട് മാനേജ്മെന്റുകളുടെയും പങ്കിനെപ്പറ്റി പ്രസ്താവിച്ചു. സൂപ്പർ സ്പെഷലിസ്റ്റുകളുടെ കാലമാണിത്. ഓരോ രംഗത്തും പ്രത്യേക പരിശീലനം നേടിയ സ്പെഷലിസ്റ്റുകൾ കംപ്യൂട്ടർ മേഖലയിൽ ജനറലിസ്റ്റുകളെ ഇല്ലാതാക്കുന്നു എന്ന് അദ്ദേഹം പറഞ്ഞു. ഈ പരിപാടി സംഘടിപ്പിക്കുന്നതിൽ മുഖ്യപങ്കാളിത്തം വഹിച്ച മിനി ഉളനാട് (കുസാറ്റ്), സന്തോഷ്കുമാർ (കുസാറ്റ്) എന്നിവരും പ്രസംഗിച്ചു.

## ടെക്നോപാർക്കിൽ ഐടി2012 വർക്ക്ഷോപ്പ്

തിരുവനന്തപുരം: ഐ.ബി.എം സ്പോൺസർ ചെയ്ത കേരളാ ഐ.ടി. അലയൻസിന്റെയും (കിറ്റാ), ദ ഇൻഡസ് ഇന്റർ പ്രോണേഴ്സ് കേരള സോഫ്റ്റ്‌വെയർ ഇൻക്യുബേറ്റർ, സ്വാമി സൈബർ സൊലൂഷൻസ് എന്നിവയുടെ സഹകരണത്തോടെ ഐടി 2012 സമ്മേളനം ജൂലൈ 4-ന് തിരുവനന്തപുരം ടെക്നോ പാർക്കിൽ നടന്നു.

പ്രമുഖ പ്രഭാഷകരായ ആന്റണി സത്യദാസ് (ഐ.ബി.എം. കോർപ്പറേഷൻ, യു.എസ്.എ), ഡോ. ജെസി ഡിഷാൻ (യൂണിവേഴ്സിറ്റി ഓഫ് അൽബാമ, ബർമിംഗ് ഹാം, യു.എസ്.എ), മനീഷ് ലഡ്ഡാ ഐ.ബി.എം ഇൻഡ്യാ സോഫ്റ്റ്‌വെയർ ലാബ്) പദ്മകുമാർ (പ്രസിഡണ്ട് സോഫ്റ്റ്‌വെയർ ഇൻക്യുബേറ്റർ) സ്വാമി സൈബർ സൊലൂഷൻസ്, റിയാലിറ്റി ബാർഗെൻസ് ഐഎൻ.സി, മനീഷ് നായർ, പ്രശസ്ത കവി കൈതപ്രം ദാമോദരൻ നമ്പൂതിരി തുടങ്ങിയവർ പ്രസംഗിച്ചു. ദീപാ ജോൺസൺ (സോഫ്റ്റ്‌വെയർ എഞ്ചിനീയർ) നടത്തിയ സ്വാഗതപ്രസംഗത്തിനുശേഷം മുഖ്യമന്ത്രിയുടെ ഐ.ടി. ഉപദേശകൻ ജോസഫ് സി. മാത്യു ദീപം കൊളുത്തി.

ഐ.ടി. സാധാരണക്കാരന്റെ പോലും ജീവിതത്തിന്റെ ഭാഗമാകുന്നതെങ്ങനെ എന്ന് അദ്ദേഹം ആമുഖപ്രസംഗത്തിൽ വിശദീകരിച്ചു. ഐ.ടി. മേഖലയിൽ വർദ്ധിച്ച പിരിമുറുക്കം നിമിത്തം മരണമടയുന്നവരെക്കുറിച്ച് അദ്ദേഹത്തിനുള്ള പരിഗണന വെളിപ്പെടുത്തുകയും യോഗ്യരായവർക്ക് ജോലിസാധ്യത ഉറപ്പാക്കുന്നതിനുള്ള തീരുമാനം അറിയിക്കുകയും ചെയ്തു. ഐ.ടി. മേഖലയിൽ ഉള്ള ബിസിനസ് സാധ്യതകളും ഭാവിയിൽ ഈ മേഖലയിലെ സേവനങ്ങൾക്കുള്ള നിർദ്ദേശങ്ങളും ആന്റണി വിശദമാക്കി. ഇപ്പോൾ വളർന്നുവരുന്ന സാങ്കേതിക സംരംഭങ്ങളായ വെബ് 2.0++, ബിസിനസ് ഇന്റലിജൻസ്, എസ്.ഒ.എ ടെസ്റ്റിംഗ് തുടങ്ങിയവയെ അദ്ദേഹം പരിചയപ്പെടുത്തി. ഐ.ടി. വ്യവസായത്തിൽ ബയോടെക്നോളജിക്കുള്ള പങ്കിനെപ്പറ്റിയാണ് ഡോ. ജെസ്സി പ്രസംഗിച്ചത്. ലൈഫ് സയൻസ് മേഖലയുടെ വളർച്ചയ്ക്കും വികസനത്തിനുമായി ഈ രണ്ടു വ്യവസായ സംരംഭങ്ങളും ചേർന്നു പ്രവർത്തിക്കേണ്ടതിന്റെ അനിവാര്യത അവർ ഊന്നിപ്പറഞ്ഞു. ഐ.ടി. ബിസിനസിൽ ഉണ്ടാകുന്ന ഉയർച്ച താഴ്ചകളെപ്പറ്റി ബോധവത്കരിക്കുന്നതിന് ഈ മേഖലയിൽ വർദ്ധിത വിജയം കൈവരിച്ച വ്യവസായ സംരംഭകൻ പദ്മകുമാർ സ്വാനുഭവങ്ങൾ വിശദീകരിച്ചു. തന്റെ വിജയരഹസ്യം ശുഭാപ്തി വിശ്വാസവും താഴ്മയും ആത്മസംയമനവും സാഹസത്തിനു മുതിരുവാൻ ഭയമില്ലാത്ത സ്വഭാവവും ആണെന്ന് അദ്ദേഹം പറഞ്ഞു. ഐ.ബി.എം. വാഗ്ദാനം ചെയ്യുന്ന ആധുനിക സോഫ്റ്റ്‌വെയറുകളെപ്പറ്റിയും ഐ.ടി. മേഖലയിലെ പുതിയ പ്രവണതകളെക്കുറിച്ചും മനീഷ് ലഡ്ഡാ വിവരിച്ചു. ഐ.ടിയുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും എന്ന വിഷയത്തെക്കുറിച്ച് മഹേഷ്നായർ പ്രസംഗിച്ചു. കൈതപ്രത്തിന്റെ സംഗീതവിരുന്ന് സദസ്സിന് ഹരം പകർന്നു. സംഗീതത്തിലൂടെ മനുഷ്യന്റെ പിരിമുറുക്കങ്ങൾ മാറ്റിയെടുക്കാനുള്ള തന്റെ യത്നത്തെക്കുറിച്ച് അദ്ദേഹം പ്രസ്താവിച്ചു. രാജേഷ് വർഗീസ് പ്രോജക്ട് മാനേജർ സോഫ്റ്റ്‌വെയർ ഇൻക്യുബേറ്റർ നന്ദി പറഞ്ഞു.